**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – രണ്ട് ഓൺസൈറ്റ് ടെക്നിക്കൽ സപ്പോർട്ടിന്റെ സേവനം ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ടായി ലഭ്യമാക്കിയത് ക്രമവൽക്കരിച്ച് -ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ടിന് അംഗീകരിച്ചിട്ടുള്ള നിരക്കിൽ കെൽട്രോണിന് അനുവദിച്ച്- ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.7633/2021/ധന. തീയതി, തിരുവനന്തപുരം 25/11/2021**

പരാമർശം:- 1. സ.ഉ.(സാധാ) നം.2359/2020/ധന തീയതി 20/03/2020.

2. 19/04/2021 തീയതിയിലെ കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ ഡി.കെ.എസ്.എ 469/2018/ഐ.ടി.1 (1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നടപ്പിലാക്കിവരുന്ന എയിംസ് സോഫ്റ്റ് വെയറിന്റെ സുഗമമായ പ്രവർത്തനത്തിനായി കെൽട്രോണിൽ നിന്നും 22.02.2020 മുതൽ 21.02.2021 വരെ മൂന്ന് ഓഫ് സൈറ്റ് (One man month ന് 60000/- രൂപ നിരക്കിൽ), രണ്ട് ഓൺ സൈറ്റ് ടെക്നിക്കൽ സ്റ്റാഫിന്റെ സേവനവും (One man month ന് 70000/- രൂപ നിരക്കിൽ) എയിംസ്/ചാരിറ്റബിൾ എൻഡോവ്മെന്റ് സോഫ്റ്റ് വെയറിന്റെ മോഡിഫിക്കേഷൻ & എൻഹാൻസ്മെന്റ് നിർവ്വഹിക്കുന്നതിലേയ്ക്കായി One man month ന് 60000/- രൂപ നിരക്കിൽ പരാമർശം 1 പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2. 2020-21 സാമ്പത്തിക വർഷം മുതൽ രാജ്യമൊട്ടാകെ കോവിഡ് മഹാമാരിയുടെ ഭീഷണിയും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരവധി നിയന്ത്രണങ്ങളും നിലവിലുണ്ടായിരുന്നതിനാൽ പരാമർശം 1 പ്രകാരം വകുപ്പിന് വേണ്ടി 22.02.2020 മുതൽ 21.02.2021 വരെ അനുവദിച്ച രണ്ട് ഓൺസൈറ്റ് ടെക്നിക്കൽ സപ്പോർട്ടിന്റെ സേവനം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കാൻ നിർവ്വാഹമില്ലായിരുന്നു. എന്നാൽ അതേ കാലയളവിൽ തന്നെ 2018-19 സാമ്പത്തിക വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് പൂർത്തീകരിച്ച് എയിംസ് സോഫ്റ്റ് വെയറിൽ ഓഡിറ്റ് ഡേറ്റ കളക്ഷൻ മോഡ്യൂൾ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ക്രോഡീകരിക്കുന്നതിനായി പുതിയ വേർഷൻ വികസിപ്പിച്ച് ഉപയോഗിച്ചിട്ടുണ്ട്. പുതിയ വേർഷന്റെ ഉപയോഗത്തെതുടർന്ന് ടെക്നിക്കൽ സപ്പോർട്ടിനായി നിരവധി സപ്പോർട്ട് റിക്വസ്റ്റ് ആണ് ലഭ്യമായിട്ടുള്ളത് എന്നും അതോടൊപ്പം ഇ-സബ്മിഷൻ വേളയിൽ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ടെക്നിക്കൽ സപ്പോർട്ട് റിക്വസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സർവകലാശാലകളിൽ നിന്നും ലഭ്യമായവയിൽ ഗണ്യമായ വർദ്ധനവ് അനുഭവപ്പെട്ടിട്ടുണ്ട് എന്നും പ്രസ്തുത സാഹചര്യത്തിൽ കോവിഡ് മഹാമാരിയുടെ നിയന്ത്രണങ്ങൾ കണക്കിലെടുത്ത് പരാമർശം 1 ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള രണ്ട് ഓൺസൈറ്റ് ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫിന്റെ സേവനം ഓഫ് സൈറ്റ് ടെക്നിക്കൽ സ്റ്റാഫിന്റെ സേവനമായി മേൽപ്പറഞ്ഞ സപ്പോർട്ട് റിക്വസ്റ്റുകൾ പരിഹരിക്കുന്നതിലേയ്ക്കായി ഉപയോഗിച്ചിട്ടുള്ളതായും ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇവ ക്രമവൽക്കരിക്കുന്നതിനു വേണ്ടിയുള്ള വിശദമായ പ്രൊപ്പോസൽ കെൽട്രോൺ ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.16.04.2021 ൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റി കെൽട്രോൺ ലഭ്യമാക്കിയിട്ടുള്ള ടെക്നിക്കൽ സപ്പോർട്ടിന്റെ ലോഗ് ഡേറ്റകൾ വിശദമായി പരിശോധിക്കുകയും, യോഗതീരുമാനം (2) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പരാമർശം 1 ഉത്തരവ് പ്രകാരം സർക്കാർ അനുവദിച്ചിട്ടുള്ള ഓൺസൈറ്റ്/ഓഫ് സൈറ്റ് ടെക്നിക്കൽ

സപ്പോർട്ടിന്റെ സേവനത്തിന് അംഗീകരിച്ച നിരക്കുകളിൽ വ്യത്യാസമുള്ളതിനാൽ അവ സർക്കാരിൽ നിന്നും ക്രമവൽക്കരിച്ചശേഷം ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ട് സേവനത്തിന്റെ നിരക്കിൽ (60000/- രൂപ pm) കെൽട്രോണിന് അനുവദിച്ച് നൽകാൻ ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ 22.02.2020 മുതൽ 21.02.2021 വരെ പരാമർശം 1 ഉത്തരവ് പ്രകാരം അനുവദിച്ച രണ്ട് ഓൺസൈറ്റ് ടെക്നിക്കൽ സപ്പോർട്ടിന്റെ സേവനം വകുപ്പ് ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ടായി ലഭ്യമാക്കിയത് ക്രമവൽക്കരിച്ച്, ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ടിന് അംഗീകരിച്ചിട്ടുള്ള നിരക്കിൽ (60000/-രൂപ pm) കെൽട്രോണിന് അനുവദിച്ച് നൽകാൻ ഭരണാനുമതി നൽകണമെന്ന് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കോവിഡ് മഹാമാരിയുടെ ഭീഷണിയും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരവധി നിയന്ത്രണങ്ങളും നിലവിലുണ്ടായിരുന്ന സാഹചര്യത്തിലും, ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും 22.02.2020 മുതൽ 21.02.2021 വരെ പരാമർശം 1 ഉത്തരവ് പ്രകാരം അനുവദിച്ച രണ്ട് ഓൺസൈറ്റ് ടെക്നിക്കൽ സപ്പോർട്ടിന്റെ സേവനം വകുപ്പ് ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ടായി ലഭ്യമാക്കിയത് ക്രമവൽക്കരിച്ച്, ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ടിന് അംഗീകരിച്ചിട്ടുള്ള നിരക്കിൽ (60000/-രൂപ pm) കെൽട്രോണിന് അനുവദിച്ച് നൽകാൻ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഫെറോൾഡ് സേവ്യർ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ , ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (E-34238)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

O/C FCD on 04/12/21